മന്ത്രാലയത്തിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരുന്നു.

**96 (2658) കായംകുളം കണ്ണൂർ സർവ്വീസ്**

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം-കണ്ണൂർ റൂട്ടിൽ ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ്/ സൂപ്പർ ഫാസ്റ്റ് സർവ്വീസ് നിർത്തലാക്കിയത് എന്നുമുതലാണ്.

(ബി) ഈ റൂട്ടിന്റെ വിശദവിവരങ്ങൾ നൽകുമോ;

(സി) ഈ സർവ്വീസ് നിർത്തലാക്കാനുള്ള കാരണങ്ങൾ വിശദീകരിക്കുമോ;

(ഡി) ജനങ്ങളുടെ ആവശ്യം പരിഗണിച്ച് സർവ്വീസ് ലാഭകരമാവും വിധം കായംകുളം-കണ്ണൂർ സർവ്വീസ് പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 17.2.1995 മുതൽ ടി സർവ്വീസ് കണ്ണൂർ യൂണിറ്റിലേക്ക് മാറ്റി. ബസ്സിന്റെയും ജീവനക്കാരുടേയും കുറവുനിമിത്തം ചില ദിവസങ്ങളിൽ പ്രസ്തുത സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല.

(ബി) ടി സർവ്വീസ് കായംകുളത്തുനിന്ന് തിരിച്ച് മല്ലപ്പള്ളി, കോട്ടയം, ചോറ്റാനിക്കര, എറണാകുളം, വടക്കൻ പറവൂർ, കൊടുങ്ങല്ലൂർ, ഗുരുവായൂർ-കോഴിക്കോട് എന്നിവിടങ്ങളിലൂടെയാണ് കണ്ണൂരിൽ എത്തിയിരുന്നത്.

(സി) നിശ്ചിത വരുമാനം ലഭിക്കാത്തതിനാലും ദീർഘദൂരം യാത്ര ചെയ്യുന്നവരുടെ അസൗകര്യങ്ങൾ കണക്കിലെടുത്തുമാണ് ടി സർവ്വീസ് കണ്ണൂരിലേയ്ക്ക് മാറ്റേണ്ടിവന്നത്.

(ഡി) ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം തൽക്കാലം നിർവ്വാഹമില്ല.

**97 (2659) കാർഷികരംഗത്തെ പരിഷ്കാരങ്ങൾ**

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദാരവൽക്കരണത്തിന്റെ ഭാഗമായി കാർഷികവിളകൾ ഇറക്കുമതി ചെയ്യുന്നതിന്റെ വെളിച്ചത്തിൽ കേരളത്തിലെ കർഷകരെ സഹായിക്കത്തക്കവിധം കാർഷിക രംഗത്ത് പരിഷ്കാരങ്ങൾ ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൃഷിച്ചെലവിൽ വരുന്ന വർദ്ധനവ് കുറയ്ക്കുവാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) കാർഷികവിളകളുടെ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമാക്കി വിവിധ പദ്ധതികൾപ്രകാരം കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുകൂടാതെ കാർഷികവിഭവങ്ങളുടെ വിപണനസൗകര്യം ഉറപ്പാക്കുന്നതിനും കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 1. ഉൽപ്പാദന ഉപാധികളായ വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നു.

2. അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി കിണർ, പമ്പു സെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു.

3. നെൽക്കൃഷിക്ക് ഉൽപ്പാദന ബോണസ് നൽകുന്നു.

4. രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള കർഷകർക്ക് സൗജന്യ വൈദ്യുതി.

5. കർഷക യന്ത്ര ഉപകരണങ്ങളായ ട്രാക്ടർ, ടില്ലർ, മെതിയന്ത്രം എന്നിവ സൗജന്യനിരക്കിൽ കർഷകർക്കും കർഷക സമിതികൾക്കും നൽകുന്നു.

6. ഹരിത സംഘങ്ങൾവഴി പച്ചക്കറി വിപണനത്തിന് സൗകര്യം ഏർപ്പെടുത്തുന്നു.

(സി) കൃഷിചെലവ് ഫലപ്രദമായി കുറയ്ക്കുന്നതിന് കാർഷിക യന്ത്രവൽക്കരണം പരമാവധി കൃഷിയിടങ്ങളിൽ നടപ്പിലാക്കുന്നതാണ്. ട്രാക്ടറുകൾ, ടില്ലർ, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, പാറ്റൽ യന്ത്രം എന്നിവ സൗജന്യമായി പാടശേഖര സമിതികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നൽകുന്നതാണ്. ഇതിലേയ്ക്ക് രാസവളചെലവ് കുറയ്ക്കുന്നതിനായി ജൈവവള പ്രയോഗം ജൈവാണുവളപ്രയോഗം എന്നിവയും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

**98 (2660) കാർഷികരംഗത്തെ പരിഷ്കാരങ്ങൾ**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദാരവൽക്കരണത്തിന്റെ ഭാഗമായി കാർഷിക വിളകൾ ഇറക്കുമതി ചെയ്യുന്നതിന്റെ വെളിച്ചത്തിൽ കേരളത്തിലെ കർഷകർക്ക് സഹായമാകത്തക്കവിധം കാർഷികരംഗത്ത് പരിഷ്കാരങ്ങൾ ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കൃഷിച്ചെലവ് കുറയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷികവിളകളുടെ ഉൽപ്പാദനവർദ്ധനവ് ലക്ഷ്യമാക്കി, വിവിധ പദ്ധതികൾപ്രകാരം കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നത്



LIBRARY ARCHIVES Kerala Legislative Assembly